# പ്ലാച്ചിമട – കൊക്കകോള വിരുദ്ധ സമരം ഐതിഹാസികമായ 1000 ദിവസങ്ങൾ

തയ്യാറാക്കിയത് : ഹരിതഭൂമി, പ്ലാച്ചിമട സുഹൃദ് സംഘം



1993. ഹിന്ദുസ്ഥാൻ കോക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് (HCBPL) കമ്പനി ഡൽഹിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു.

1996. പൊള്ളാച്ചിയിലെ മഹാലിംഗം ശക്തിഗ്രൂപ്പിന്റെ മലപ്പുറത്തുള്ള ശീതളപാനീയ ഫാക്ടറിയടക്കമുള്ളവ കൊക്കകോളാകമ്പനി (HCBPL) വാങ്ങുന്നു. "professionally managed Indian company registered in India" in 1993, a subsidiary of the Coca-Cola company, Atlanta, USA. 'Our product is in the market since 1886' (HCBPL report to JPC).

1999 'Came in at the specific request from LDF Government' 'Company was promised all infrastructure facilities - power, water'. (HCBPL report to JPC). 'മോഹനസുന്ദര വാഗ്ദാനങ്ങൾ നൽകിയതു കൊണ്ട് കമ്പനി പ്ലാച്ചിമടയിൽ (34.64 ഏക്കർ) സ്ഥലമെടുക്കുന്നു.

1999 ഒക്ടോബർ 8. പ്ലാച്ചിമടയിൽ ബോട്ടിലിങ് പ്ലാന്റ് തുടങ്ങാൻ പെരുമാട്ടി പഞ്ചായത്തിൽ HCBPL ന് വേണ്ടി വി. കിഷൻ അപേക്ഷ സമർപ്പിക്കുന്നു.

1999 ഡിസംബർ 30. 11 നിബന്ധനകളോടെ ജില്ലാ മെഡിക്കൽ ഓഫീസർ സൈറ്റ് അപ്രൂവൽ നൽകുന്നു.

നിബന്ധനകൾ:

1. കെട്ടിടവും, യന്ത്രങ്ങൾ സ്ഥാപിക്കലും പ്ലാൻ പ്രകാരമാ യിരിക്കണം. ഭേദഗതികളോ, പുതുതായി സ്ഥാപിക്കലോ/നിർമ്മാണ പ്രവർത്തനങ്ങളോ മുൻകൂട്ടി അനുമതിയോടു കൂടി മാത്രമേ പാടുക യുള്ളൂ.
2. 2.5 മീറ്റർ കുറയാത്ത ഉയരത്തിൽ ചുറ്റുമതിൽ ഉണ്ടായിരിക്കണം.
3. ഉപയോഗിക്കുന്ന വെള്ളം സമയബന്ധിതമായി പരിശോധി ക്കേണ്ടതും ലഭിക്കുന്ന വെള്ളം മാലിന്യമാകാതെയും, മലിനീകരണം ഉണ്ടാകാതെയും സൂക്ഷിക്കേണ്ടതുമാണ്.
4. മെഷീനുകൾ സംരക്ഷണ കവചത്തിൽ സൂക്ഷിക്കേണ്ടതാണ്.
5. ശുചീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
6. പൊതുജനാരോഗ്യം, ഫാക്ടറി ചട്ടങ്ങൾ എന്നിവ പാലിക്കേ ണ്ടതാണ്.
7. പാഴ്‌വസ്തുക്കൾ യഥാവിധി ഒഴിവാക്കേണ്ടതാണ്.
8. അടിയന്തിരാവശ്യത്തിനുള്ള വാതിലുകൾ ആവശ്യാനുസരണം പുറത്തേക്ക് തുറക്കുന്നവിധം ഏർപ്പെടുത്തേണ്ടതാണ്.
9. പ്രഥമ ശുശ്രൂഷയ്ക്കാവശ്യമായ മരുന്നുകൾ, കിറ്റുകൾ എന്നിവ കമ്പനിക്കകത്ത് സൂക്ഷിക്കേണ്ടതാണ്.




സമരപന്തൽ തകർക്കാൻ ശ്രമിക്കുകയും ചെയ്തു ഇതിൽ പ്രതിഷേധിച്ച് രാത്രി 7 മണിമുതൽ പ്ലാച്ചിമടയിൽ നിന്നും നെല്ലിമേട് വരെ പന്തം കൊളുത്തി പ്രകടനം നടത്തി.

**2002 മെയ് 26.** **സമരം 50-ാം ദിവസം കോളവിരുദ്ധ സമരസമിതി സർവ്വകക്ഷിയോഗം വിളിക്കുന്നു വലിയ പാർട്ടികളിൽ നിന്ന് CPI പ്രതിനിധി മാത്രം എത്തുന്നു.**

**സമരത്തിന്റെ 50-ാം ദിവസം വിളയോടി ശിവൻകുട്ടിയും സഹപ്രവർത്തകരും സമരത്തിന് പുന്തുണ പ്രഖ്യാപിക്കുന്നു. പ്രാദേശിക പ്രചരണം ശക്തമാക്കുന്നു.**

**സമരത്തിനെതിരെ കമ്പനിയിലെ തൊഴിൽ സംരക്ഷണസമിതി പൊതുയോഗം നടത്തുന്നു. സകലരാഷ്ട്രീയ പ്രതിനിധികളും സമരപ്രവർത്തകർക്കെതിരെ അസഭ്യം പറച്ചിൽ ('ഉടുതുണിയ്ക്ക് മറുതുണിയില്ലാത്ത ആദിവാസികൾ') വെല്ലുവിളികൾ. ('കൊന്നു കുഴിച്ചു മൂടും'). അഴിമതി ആരോപണങ്ങൾ ('സമരം ഒത്തുതീർക്കാൻ 33 ലക്ഷം രൂപ കൈക്കൂലി ചോദിച്ചു') തുടങ്ങിയവ നടത്തുന്നു.**

2002 മെയ് 27 & 28 ചിറ്റൂർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ സമരത്തിന്റെ സന്ദേശം എത്തിക്കാനും. ബഹുജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന തിനുമായി സമരസമിതിയുടെ നേതൃത്വത്തിൽ മൈക്ക് പ്രചാരണം. രണ്ടാം ദിവസം ഉച്ചക്ക് 12 മണിക്ക് വണ്ടിത്താവളം ജംഗ്ഷനിൽ വെച്ച് മൈക്ക് പെർമിഷന്റെ കോപ്പി പ്രചരണവാഹനത്തിൽ സൂക്ഷിച്ചില്ലെന്ന് പറഞ്ഞ്, സമരസമിതി നേതാക്കളെ പോലീസ് അറസ്റ്റുചെയ്തു. സമരസമിതിയംഗങ്ങളായ വിളയോടി വേണുഗോപാൽ. വിളയോടി ശിവൻകുട്ടി, സി.ഭാനു, കണ്ണദാസൻ തുടങ്ങിയ ഒമ്പതുപേരെയും മൈക്ക് ഓപ്പറേറ്റർ, ജീപ്പ് ഡ്രൈവർ തുടങ്ങിയ രണ്ടു പേരെയും ചേർത്ത് ആകെ 11 പേർക്കെതിരെ പോലീസ് ക്രൈം 106/02. V/S 143, 147, 353, 188 R/W 149 IPC & 19 IV R/W 54 K.P.A.D.N. എന്നീ വകുപ്പുകൾ പ്രകാരം കേസെടുത്തിരിക്കുന്നു. മൈക്ക്സെറ്റും, വാഹനവും മൂന്ന ദിവസം പോലീസ് കസ്റ്റഡിയിൽ വെക്കുകയും ചെയ്തു.

അന്നേദിവസം മൂന്നരമണിക്ക് സമരപന്തലിലുള്ള വേലൂർ സ്വാമിനാഥനടക്കമുള്ള 15 പേരെയും. പോലീസ് കാരണവുമില്ലാതെ ബലം പ്രയോഗിച്ച് അറസ്റ്റ്ചെയ്യുകയുണ്ടായി. ഈ അറസ്റ്റുകൾക്കെല്ലാം പിന്നിൽ പ്രവർത്തിച്ചത് പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന്റെ തീരുമാന പ്രകാരമാണെന്ന് അറിവായി.

2002 ജൂൺ 4. വൈകുന്നേരം പ്ലാച്ചിമടയിൽ നിന്നും 4 കിലോമീറ്റർ അകലെയുള്ള നന്ദിയോട് സണ്ണി കലാ-കായിക സമിതിയുടെ ആഭിമുഖ്യത്തിൽ കോള കമ്പനി ഈ നാടിന്റെ നന്മക്കോ നാശത്തിനോ എന്ന വിഷയത്തിൽ പൊതുജന മദ്ധ്യത്തിൽ സംവാദം സംഘടിപ്പിച്ചു. പ്രധാനമായും ഏഴ് വിഷയങ്ങളാണ് ചർച്ചക്ക് ഊന്നൽ നൽകിയത്.

2002 ജൂൺ 7. കോളാഫാക്ടറിയുടെ ലൈസൻസ് റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് സമരസമിതിയുടെ നേതൃത്വത്തിൽ പ്ലാച്ചിമടയിൽ നിന്നും 11 കിലോമീറ്റർ അകലെയുള്ള വണ്ടിത്താവളം വഴി പ്രകടനമായി ചെന്നാണ്, പെരുമാട്ടി ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് മാർച്ച് നടത്തിയത്. ജനതാദളിന്റെ അമ്പതോളം വാടകഗുണ്ടകൾ പഞ്ചായത്ത് ഓഫീസിനുള്ളിൽ എന്തിനും തയ്യാറായി നിന്നിരുന്നു. വൻ പോലീസ് സന്നാഹം പഞ്ചായത്ത് ഓഫീസ് വലയം ചെയ്തിരുന്നു.

ചാണകം നിറച്ച അമ്പതോളം പാക്കറ്റുകളും, കുറ്റിച്ചൂലുകളും പഞ്ചായത്ത് ഓഫീസിലേക്ക് എറിഞ്ഞുകൊണ്ട് പ്രതീകാത്മകമായി പഞ്ചായത്തിനെ ചാണകാഭിഷേകം കൊണ്ട് ശുദ്ധികലശം ചെയ്തു.

2002 ജൂൺ 8. പ്ലാച്ചിമട ജംഗ്ഷനിൽ വെച്ച് ഫാക്ടറി തൊഴിലാളി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പൊതുയോഗം നടത്തുകയും, സി.പി.എം. ബി.ജെ.പി, ജനതാദൾ, കോൺഗ്രസ്സ് (ഐ) തുടങ്ങിയ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾ സംസാരിക്കുകയും ചെയ്തു. ആഗോളവൽക്കരണ നയങ്ങൾക്കെതിരാണ് ഞങ്ങളെന്നും. തൊഴിൽ സംരംഭമായ കോളഫാക്ടറി എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്നും രാഷ്ട്രീയ കക്ഷികൾ വ്യക്തമാക്കി. പൊതുയോഗത്തിൽ നിഷേധിച്ച് രണ്ടു കാര്യങ്ങൾ

1. ഫാക്ടറിയിൽ നിന്നും യാതൊരു രാസമാലിന്യങ്ങളും പുറന്തള്ളുന്നില്ല.
2. ഫാക്ടറി പ്രവർത്തനം മൂലം ശുദ്ധജലത്തിൽ മാലിന്യം കലർന്നിട്ടില്ല.

2002 ജൂൺ 9. പ്ലാച്ചിമടയിൽ വെച്ച് സംസ്ഥാന തലത്തിൽ സമര സഹായസമിതി രൂപീകരിച്ചു. കേരളത്തിന്റെയും, തമിഴ്നാടിന്റെയും വിവിധ

സംസ്കാരവും' പുറത്തിറങ്ങുന്നു. കമ്പനിയുടെ 5 km ചുറ്റളവിൽ 200 കിണറുകളും 147 കുഴൽകിണറുകളും ഉണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

2003 ജനുവരി 12. ദേശ്ബചാവോ ദേശ്ബനാവോ ദേശീയ പ്രക്ഷോഭ യാത്രയുടെ ജില്ലാതല സ്വാഗതസംഘം രൂപീകരിച്ചു. സ്വാതന്ത്ര്യസമരസേനാനി നാരായൺജി, എൻ.എൻ. കൃഷ്ണദാസ് എം.പി, കെ.ഇ.ഇസ്മായിൽ, പ്രൊഫ.പി.എ. വാസുദേവൻ (രക്ഷാധികാരികൾ), സുരേഷ്‌രാജ് (ചെയർമാൻ), സുന്ദർരാജ് (ജന.കൺവീനർ) എന്നിവരടങ്ങിയ 101 അംഗ സംഘാടക സമിതി രൂപീകരിച്ചു. കെ.എസ്.എസ്.പി, എസ്.ഐ.ഒ, എ.ഐ.വൈ.എഫ്, എ.ഐ.ടി.യു.സി, എ.ഐ.പി.എസ്.ഒ, യുവകലാസാഹിതി, കെ.ജി.ഒ.എ, എ.ഐ.ബി.എ.എച്ച് എന്നീ സംഘടനാ പ്രതിനിധികൾ പങ്കെടുത്തു.

2003 ജനുവരി 15. പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറി യുടെ ഭൂഗർഭജല ചൂഷണം ഭാവിയിൽ കടുത്ത വരൾച്ചാ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് നിയമസഭയുടെ പരിസ്ഥിതി സമിതി ആശങ്ക പ്രകടിപ്പിച്ചു. ഫാക്ടറി സന്ദർശിച്ച ശേഷം പാലക്കാട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന തെളിവെടുപ്പിലാണ് ജോർജ്.ജെ.മാത്യുവിന്റെ നേതൃത്വത്തിലുള്ള സമിതി ഉത്കണ്ഠ പ്രകടിപ്പിച്ചത്. അതേസമയം കോളയുടെ ഭൂഗർഭജല ചൂഷണം സംബന്ധിച്ച് മൂന്ന്മാസം മുൻപ് നിയമസഭയിലാവശ്യപ്പെട്ടിട്ടും ഭൂഗർഭജല അതോറിറ്റി റിപ്പോർട്ട് നൽകാത്തത് സിറ്റിങ്ങിൽ വിമർശന വിധേയമായി.

സമിതി ചെയർമാന് പുറമേ രാജു എബ്രഹാം, ജോസഫ്. എം. പുതുശ്ശേരി, വി. ജെ. പൗലോസ് എന്നിവരാണ് ഇന്നലെ ഫാക്ടറി സന്ദർശനത്തിനും, തെളിവെടുപ്പിനും എത്തിയത്. പ്രതിദിനം ആറുലക്ഷം ലിറ്റർ ഭൂഗർഭജലം എടുക്കുന്നുവെന്നാണ് ഫാക്ടറി അധികൃതർ പറയുന്നത്. ഇക്കാര്യത്തിൽ ഫാക്ടറിക്കെതിരെ സമരം ചെയ്യുന്നവർക്ക് ഭിന്നാഭിപ്രായം ഉണ്ട്. ഫാക്ടറിയുടെ വാദം മുഖവിലക്കെടുത്താൽ തന്നെ ഈ തോതിൽ വെള്ളമെടുത്താൽ സമീപ ഭാവിയിൽ ജലനിരപ്പ് വളരെയധികം താഴുമെന്ന് സമിതിയംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചു. ഭൂഗർഭജല ചൂഷണം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയാണ് ഫാക്ടറിക്കെതിരെ തെളിവെടുപ്പിൽ ഉയർന്ന പരാതികൾ. ഇതിൽ ജലചൂഷണം ഒഴികെയുള്ള പരാതികളിൽ കഴമ്പില്ലെന്നാണ് സമിതി യുടെ വിലയിരുത്തൽ. പ്രത്യക്ഷത്തിൽ ഏഴുകുഴൽ കിണറുകൾ ആണ് ഫാക്ടറിയിൽ ഉള്ളത്. ഇതിലൊന്ന് പ്രവർത്തിക്കുന്നില്ല. ഓരോ കിണറിനും 300 മുതൽ 600 അടിവരെ താഴ്ചയുണ്ട്. ഇതിനു പുറമേ രണ്ടു തുറന്ന കിണറുകളുമുണ്ട്.

ഭൂഗർഭജല അതോറിറ്റിക്ക് പ്ലാച്ചിമടയിലെ ജല വിനിയോഗത്തെക്കുറിച്ച് ഫക്ടറി അധികൃതർ നൽകിയ കണക്കുകൾ മാത്രമേയുള്ളു. സമിതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നൽകാത്തത് നിരുത്തരവാദിത്വമാണ്. കൊക്കകോളയും, കഞ്ചിക്കോട്ടെ പെപ്സികോളയും ഉൾപ്പെടെയുള്ള ഫക്ടറികളുടെ ഭൂഗർഭജല ചൂഷണത്തെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്താൻ ദേശീയ തലത്തിലുള്ള ഏജൻസിയെ നിയോഗിക്കുന്നതി നെക്കുറിച്ച് പരിഗണിക്കുമെന്ന് സമിതി പറഞ്ഞു. ഭൂഗർഭജല അതോറിറ്റി ഉദ്യോഗസ്ഥരെ സമിതി വിളിച്ചു വരുത്തുകയും ചെയ്യും. ഫാക്ടറിയുടെ ചുറ്റുവട്ടത്ത് കർഷകരും മറ്റുമായി 500-ലേറെ കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് മൂന്ന് വർഷമായി കടുത്ത വരൾച്ചയുമുണ്ട്. ഫാക്ടറിയിലെ ജലവിനിയോഗം അമിതമാണെന്ന് ആക്ഷേപവുമുണ്ട്. ഇതിലേതാണ് ജലനിരപ്പ് താഴാൻ കാരണമെന്ന് പഠനത്തിന് ശേഷമേ പറയാനാവൂ എന്നതാണ് സമിതിയുടെ നിലപാട് പ്ലാച്ചിമടയിലെ പ്രാദേശിക വാസികളോട് യാതൊരുവിധ അന്വേഷണങ്ങളും നടത്താൻ സമിതി തയ്യാറായില്ല.

2003 ജനുവരി 17. കോളാകമ്പനി സ്വകാര്യ വ്യക്തികളിൽ നിന്ന് ടാങ്കർ ലോറികളിൽ വെള്ളം വിലയ്ക്ക് വാങ്ങിത്തുടങ്ങി. ഭൂഗർഭജലം ചൂഷണം ചെയ്യുന്നു എന്ന ആരോപണത്തെകുറിച്ച് സർക്കാർ അന്വേഷണം തുടങ്ങിയതോടെയാണിത്. 12000 ലിറ്റർ കപ്പാസിറ്റിയുള്ള അമ്പതോളം ടാങ്കർ ലോറികളിലായി കുറഞ്ഞത് ആറുലക്ഷം ലിറ്റർ വെള്ളമാണ് കർഷകരിൽ നിന്ന് ലോറി ഒന്നിന് 75 രൂപ മുതൽ 200 രൂപ പ്രകാരം വിലക്കു വാങ്ങുന്നത്. നെല്ലിമേട്, ചെമ്മണംതോട്, മീനാക്ഷിപുരം, ചെമ്മണാപതി തുടങ്ങിയ സ്ഥലങ്ങളിലുള്ള കർഷകരിൽ നിന്നാണ് വെള്ളം വിലയ്ക്കു വാങ്ങുന്നത്.

കൊക്കകോളയുടെ ജലചൂഷണത്തെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് കിട്ടിയെന്ന് മന്ത്രി ടി.എം. ജേക്കബ് പറഞ്ഞു. ഭൂഗർഭജല ചൂഷണത്തെ കുറിച്ച് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നാണ് നിയമസഭ പരിസ്ഥിതി കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടതെന്നും മന്ത്രി വ്യക്തമാക്കി.

2003 ജനുവരി പ്ലാച്ചിമടയിലെ കിണർ മോണിറ്ററിംഗിനെക്കുറിച്ച്



പോസ്റ്റർ : വി. മോഹനൻ

ഭൂജലവകുപ്പിന്റെ ഒന്നാമത്തെ റിപ്പോർട്ട് പുറത്തിറക്കി പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിന്റെ തലക്കെട്ട് 'പ്ലാച്ചിമട കൊക്കകോള ഫാക്ടറിയിലെ ഭൂജലോപയോഗത്തെ (Ground water extraction) കുറിച്ചുള്ള റിപ്പോർട്ട്' എന്നാണ്.

2003 ജനുവരി 26. ആഗോളവൽക്കരണത്തിനും വർഗ്ഗീയതക്കു മെതിരെ രാജ്യത്തെ രക്ഷിക്കൂ രാജ്യത്തെ രക്ഷിക്കൂ എന്ന സന്ദേശവുമായി നർമ്മതാ സമരനായിക മേധാപട്കർ നയിക്കുന്ന അയോദ്ധ്യാ മാർച്ചിന് ചിറ്റൂരിലെ പ്ലാച്ചിമടയിൽ 2003 ജനുവരി 28ന് തുടക്കമായി.

കൊക്കകോള കമ്പനിയുടെ ജലചൂഷണത്തിനെതിരെ 9 മാസമായി അനിശ്ചിതകാല സമരം തുടരുന്ന പ്ലാച്ചിമടയിൽ, പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി സിദ്ധാരാജ് ദത്തയാണ് പ്രക്ഷോഭയാത്ര ഉദ്ഘാടനം ചെയ്തത്.

ഇതോടെ പ്ലാച്ചിമട പ്രശ്നം കൂടുതൽ മാധ്യമ ശ്രദ്ധയാകർഷിക്കുന്നു.

2003 ഫെബ്രവരി. പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ച് ശാസ്ത്ര സാഹിത്യ പരിഷത്ത് റിപ്പോർട്ട് ('ശാസ്ത്രഗതി'യിൽ).

* ഇടതുപക്ഷ ജനാധിപത്യ മുന്നണിയോഗത്തിൽ കൊക്കകോള ഫാക്ടറിക്ക് പ്രവർത്തനാനുമതി നൽകിയ കാര്യത്തെ കുറിച്ച് വൻ വിവാദമായി. ഘടകകക്ഷികൾ സി.പി.എമ്മിനെ പ്രതിസ്ഥാനത്ത് നിർത്തിയാണ് പ്രതികരിച്ചത്. മുൻ ധനമന്ത്രി ശിവദാസമേനോൻ, മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ, വി.എസ്. അച്ചുതാനന്ദൻ എന്നിവർ ഒന്നുമറിയില്ലെന്നു പറഞ്ഞ് കൈകഴുകുകയും ചെയ്തു.

2003 ഫെബ്രവരി 6. കൊക്കകോള കമ്പനി അടച്ചു പൂട്ടണമെന്നാണ് തന്റെ അഭിപ്രായമെന്ന് ധനമന്ത്രി കെ.ശങ്കരനാരായണൻ.

2003 ഫെബ്രവരി 7. കൊക്കകോള കമ്പനി പ്രവർത്തിപ്പിക്കാതിരിക്കു കയാണ് ഇപ്പോൾ വേണ്ടതെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ.

കൊക്കകോള കമ്പനിക്ക് കെ.എൽ.യു. കൊടുത്തിട്ടില്ലെന്നും, കോളക്കമ്പനിക്ക് ലൈസൻസ് നൽകിയതിൽ റവന്യുവകുപ്പ് മന്ത്രിക്ക് ഒരു പങ്കുമില്ലെന്നും അന്നത്തെ റവന്യുവകുപ്പ് മന്ത്രി കെ.ഇ.ഇസ്മയിൽ.

2003 മാർച്ച് 31. കമ്പനിയുടെ ലൈസൻസ് കാലാവധി തീരുന്നു.

2003 ഏപ്രിൽ മാസങ്ങളായി കോളക്കമ്പനിക്ക് വെള്ളം വിൽക്കുന്ന പട്ടഞ്ചേരി ചോഴിയക്കാടുള ജനതാദൾ പ്രാദേശികനേതാവ് കാട്ടുമാക്കാൻ സുന്ദരനെ ചിറ്റൂർ തഹസിൽദാർ പിടികൂടി.

2003 ഏപ്രിൽ ഇറാഖ് യുദ്ധത്തിന്റെ പശ്ചാതലത്തിൽ അമേരിക്കൻ ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കാൻ മുസ്ലീംലീഗ് ആഹ്വാനം ഒരുഭാഗത്ത്. മറുവശത്ത് വ്യവസായവകുപ്പ് മന്ത്രി കോളക്ക് സംരക്ഷണം നൽകാൻ വേണ്ടി ശ്രമിക്കുന്നു.



## പ്ലാച്ചിമടയെ വിഷക്കോളയിൽ മുക്കിക്കൊല്ലാൻ അനുവദിക്കില്ല

ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് പോലുള്ള വിഷവസ്തുകൾ അടങ്ങിയിട്ടുണ്ടെന്ന ബി.ബി.സി റിപ്പോർട്ട് ഉദ്ധരിച്ച് പ്രശ്നം സഭയിൽ ഉന്നയിച്ചു.

2003 ആഗസ്റ്റ് 4. രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കോളാകമ്പനി 15 ദിവസത്തെ നോട്ടീസ് നൽകി അടച്ചുപൂട്ടാൻ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാകണമെന്ന് പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ് ഇന്ത്യ ആവശ്യപ്പെട്ടു.

അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ കൊക്കകോള പോലുള്ള വ്യവസായങ്ങൾക്ക് എതിര് നിൽക്കില്ലെന്ന് മന്ത്രി ചെർക്കുളം അബ്ദുള്ള നിയമസഭയിൽ പ്രസ്താവിച്ചു. എ.നീലലോഹിതദാസൻ നാടാരുടെ സബ്മിഷന് മറുപടി പറയുകയായിരുന്നു മന്ത്രി. ജനതാദളിലെ കെ.കൃഷ്ണൻകുട്ടിയാണ് കോളക്ക് വെള്ളം വിറ്റതെന്ന മന്ത്രിയുടെ പരാമർശം പ്രതിപക്ഷത്തിന്റെ എതിർപ്പിന് കാരണമായി..

2003 ആഗസ്റ്റ് 6. പ്ലാച്ചിമട കോക്കകോള കമ്പനി വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയ ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് പോലുള്ള വിഷവസ്തുകൾ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കോളാകമ്പനി അടച്ചുപൂട്ടാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എ.ഐ.വൈ.എഫ് ജില്ലാകമ്മറ്റി ഫാക്ടറിയിലേക്ക് മാർച്ച് നടത്തി..

2003 ആഗസ്റ്റ് 7. കേരള മലിനീകരണ നിയന്ത്രണബോർഡ് (KSPCB) കമ്പനിക്ക് അയച്ച കത്തിൽ ബോർഡ് നടത്തിയ പഠനത്തിൽ കമ്പനിയുടെ ഖരമാലിന്യത്തിൽ 201.8 മി. ഗ്രാം/കി.ഗ്രാം. കാഡ്മിയം ഉണ്ടെന്നും അപകടരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നിയമ പ്രകാരം കമ്പനി ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെടുകയുണ്ടായി (PCB/HO/HWM/CC – PLT/2003 dated 7-8-03).

2003 ആഗസ്റ്റ് 7. കർഷകർക്ക് വിഷം കലർന്നമാലിന്യം വളമായി നൽകിയ കൊക്കകോള കമ്പനിക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് അഖിലേന്ത്യാ കിസാൻ സഭ ജില്ലാപ്രസിഡന്റ് ജോസ് ബേബി അദ്ധ്യക്ഷനായ കമ്മിറ്റി ആവശ്യപ്പെട്ടു.

2003 ആഗസ്റ്റ് 8. 'ലോകോത്തര നിലവാരമുള്ള സുരക്ഷിതമായ ഉൽപ്പന്നമാണ് കൊക്കകോള ഇന്ത്യയിലും നിർമ്മിക്കുന്നത്' എന്ന ഹെഡ്ഡിങ്ങിൽ കോളക്കമ്പനിയുടെ പരസ്യം മലയാളമനോരമടക്കമുള്ള പ്രമുഖ മലയാളപത്രങ്ങളിലും, ഇംഗ്ലീഷ് പത്രങ്ങളിലും പ്രത്യക്ഷപ്പെടുന്നു.

കുടിവെള്ളപ്രശ്നത്തിന് പുറമെ ആരോഗ്യ പ്രശ്നങ്ങളും കൂടി കണക്കിലെടുത്ത് കോളാകമ്പനി അടച്ചുപൂട്ടാൻ സർക്കാർ തയ്യാറാകണമെന്ന് കേരള ശാസ്ത്ര സാഹിത്യപരിഷത്ത് ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു.

വളമാണെന്ന് തന്ത്രപൂർവ്വം പ്രചരിപ്പിച്ചുകൊണ്ട് വ്യവസായ മാലിന്യം കർഷകർക്കിടയിൽ വിതരണം ചെയ്ത കൊക്കകോളാ കമ്പനിയുടമകൾക്കെതിരെ രാജ്യദ്രോഹകുറ്റം ചുമത്തി വിചാരണ ചെയ്യണമെന്ന് എൻ.സി.പി ജില്ലാ നേതൃത്വ ക്യാമ്പ് ആവശ്യപ്പെട്ടു.

2003 ആഗസ്റ്റ് 9. പ്ലാച്ചിമടയിലുല്പാദിപ്പിക്കുന്ന പാനീയങ്ങളിലും, ഖരമാലിന്യങ്ങളിലും വിഷമുണ്ടെന്ന് തെളിഞ്ഞാൽ കമ്പനിയെ ഇവിടെ പ്രവർത്തിപ്പിക്കാൻ അനുവദിക്കരുതെന്ന് ചിറ്റൂർ എം.എൽ.എ കെ.അച്യുതൻ സർക്കാരിനോടാവശ്യപ്പെട്ടു.

2003 ആഗസ്റ്റ് 10. വാരണാസി, താനെ, ശിവഗംഗ തുടങ്ങിയ സ്ഥലങ്ങളിലെ ജലചൂഷണത്തിനെതിരെ നടക്കുന്ന ജനകീയ സമരങ്ങളെ ഏകോപിക്കുവാൻ തമിഴ്നാട് ഗ്രീൻമൂവ്മെന്റ് കോയമ്പത്തൂരിൽ നടത്തിയ യോഗത്തിൽ പ്ലാച്ചിമട സമരസമിതി യംഗങ്ങൾ പങ്കെടുത്തു.

2003 ആഗസ്റ്റ് 11. പെപ്സി ഉൽപ്പങ്ങൾ രാസപരിശോധന നടത്തി മുന്നാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്ന് ഡൽഹി ഹൈക്കോടതി കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു.

ജനങ്ങളെ കബളിപ്പിച്ച പെപ്സി-കൊക്കകോള കമ്പനികൾ അടച്ചുപൂട്ടണമെന്നും, നഷ്ടപരിഹാരം ഈടാക്കണമെന്നും നാഷണൽ യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി എം.പി.എം.സക്കറിയ കൊടുമുണ്ട ആവശ്യപ്പെട്ടു.

വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയ ഖരമാലിന്യങ്ങൾ വിവാദങ്ങൾക്കിടയിൽ കോളാമാനേജ്മെന്റ് കമ്പനിക്കകത്തേക്ക് തന്നെ തന്ത്രപൂർവ്വം മാറ്റുന്നു.

2003 ആഗസ്റ്റ് 12. പ്ലാച്ചിമടയിലെ കോളാകമ്പനി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് ജനതാദൾ ചിറ്റൂർ നിയോജകമണ്ഡലം കമ്മറ്റി കോളക്കമ്പനിയിലേക്ക് മാർച്ച് നടത്തി. ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി കെ.കൃഷ്ണൻകുട്ടി ഉൽഘാടനം ചെയ്തു.

ബഹുരാഷ്ട്രകമ്പനികളുടെ ശീതളപാനിയങ്ങളിൽ വിഷവസ്തുകൾ കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇവയുടെ വിപണനം നിരോധിക്കണമെന്ന് ഇൻഫാം അഖിലേന്ത്യാ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ ആവശ്യപ്പെട്ടു.

ഇന്ത്യയെപ്പോലുള്ള മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളുടെ സമ്പത്ത് കൊള്ളയടിക്കുകയും, ആരോഗ്യം നശിപ്പിക്കുകയും ചെയ്യുന്ന ബഹുരാഷ്ട്രകമ്പനികളുടെ ഉൽപ്പന്നങ്ങൾ നിരോധിക്കണമെന്ന് ആർ.വൈ.എഫ്-ബി സംസ്ഥാന പ്രസിഡന്റ് പ്രസന്നകുമാർ ആവശ്യപ്പെട്ടു.

2003 ആഗസ്റ്റ് 17. കോളയിൽ കാഡ്മിയം പോലുള്ള വിഷാംശങ്ങൾ ഇല്ലെന്ന് കേരള ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. പി.കെ.രാജൻ റിപ്പോർട്ട് ചെയ്യുന്നു.

2003 ആഗസ്റ്റ് 19. 485 ദിവസങ്ങളായി കോള കമ്പനിക്കെതിരെയുള്ള ജനകീയസമരത്തിൽ നിലപാട് വ്യക്തമാക്കാത്ത കെ.അച്യുതൻ എം.എൽ.എ-യുടെ വീട്ടിലേക്ക് കോളവിരുദ്ധ സമരസമിതിയുടെ നേതൃത്വത്തിൽ കുറ്റിച്ചൂലുമായി മാർച്ച് നടത്തി. സ്വാതന്ത്ര്യ സമരസേനാനി നാരായൺജി ഉൽഘാടനം ചെയ്തു.

2003 ആഗസ്റ്റ് 20. പ്ലാച്ചിമട കോക്കകോള കമ്പനിക്കെതിരെ സമരം നടത്തുന്ന ആദിവാസികൾക്ക് കെ.അച്യുതൻ എം.എൽ.എ സമരപന്തലിലെത്തി പിന്തുണ പ്രഖ്യാപിച്ചു.

2003 ആഗസ്റ്റ് 21. പ്ലാച്ചിമട കോക്കകോള കമ്പനി മാരകമായ വിഷപദാർത്ഥങ്ങൾ പുറന്തള്ളുന്നുണ്ടെന്ന് സ്ഥിരീകരിച്ച സാഹചര്യത്തിൽ കോളാകമ്പനി അടച്ചുപൂട്ടാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഇടതുപക്ഷസംഘടനകൾ ചിറ്റൂർ താലൂക്കിൽ ഹർത്താൽ നടത്തി.

2003 ആഗസ്റ്റ് 22. ലോക്സഭ ശീതളപാനീയങ്ങളിലും മറ്റും കീടനാശിനി അവശിഷ്ടങ്ങളെയും ലഘുപാനീയങ്ങളുടെ സുരക്ഷ നിലവാരത്തെയുംകുറിച്ച് അന്വേഷിക്കാൻ ശരത്പവ്വാർ അദ്ധ്യക്ഷനായി ജോയിന്റ് പാർലിമെന്ററി കമ്മിറ്റി (ജെ.പി.സി). രൂപീകരിച്ചു.

2003 ആഗസ്റ്റ് 23. പ്ലാച്ചിമട കോള കമ്പനിക്കെതിരെ നടത്തുന്ന പ്രചരണത്തിനെതിരെയും, തൊഴിൽ സുരക്ഷിതത്വം ആവശ്യപ്പെട്ടും കോക്കകോള തൊഴിലാളി സംരക്ഷണസമിതി കലക്ട്രേറ്റ് മാർച്ച് നടത്തി.

2004 ജൂൺ 17. ജമാഅത്തെ ഇസ്ലാമി കേരള അമീർ പ്രൊ.കെ.എ.സിദ്ധീക് ഹസൻ പ്ലാച്ചിമട സന്ദർശിക്കുന്നു.

2004 ജൂൺ 20. സുനിതാ നാരായിൻ പ്ലാച്ചിമട സന്ദർശിക്കുന്നു.

2004 ജൂൺ 24. കോളകളിൽ കീടനാശിനി സാന്നിധ്യത്തെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ റിപ്പോർട്ട് അശാസ്ത്രീയമെന്ന് അഭിപ്രായപ്പെട്ടു കൊണ്ട് കോളകമ്പനികൾക്കെതിരെ നടപടിയെടുക്കുന്നത് കേന്ദ്ര ആരോഗ്യമന്ത്രാലയ(ം നിയോഗിച്ച ഉപസമിതി)ത്തിൽ ചേർന്ന കീടനാശിനി നിയന്ത്രണ ഉപസമിതി ഒരു വർഷത്തേക്ക് നീട്ടി.

2004 ജൂലൈ 15. ബഹുരാഷ്ട്ര കുത്തകകളായ പെപ്സി- കൊക്കകോള കമ്പനികളെ കെട്ടുകെട്ടിക്കണമെന്ന മുദ്രാവാക്യമുയർത്തി പ്ലാച്ചിമട സമരപ്പന്തലിൽ നിന്നും പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകനായ വള്ളിക്കാവ് വിജയന്റെ 47 ദിവസങ്ങൾ നീണ്ടുനിന്ന ജീവാർപ്പണയാത്ര.

2004 ജൂലൈ 28. തലമുറകൾക്കവകാശപ്പെട്ട വെള്ളമൂറ്റി കോടികൾ കൊയ്യുന്ന കൊക്കകോള-പെപ്സി കമ്പനികൾക്കെതിരെ രാജ്യവ്യാപകമായി നടക്കുന്ന ജനകീയ പ്രതിരോധത്തിന് പ്ലാച്ചിമട പ്രചോദനമാകുമെന്നും സമരപ്പന്തൽ സന്ദർശിച്ച പ്രൊ.ബൻവാരിലാൽ ശർമ്മ അഭിപ്രായപ്പെട്ടു.

2004 ജൂലൈ. കൊക്കകോള കമ്പനി പരിസരത്തെ കുഴൽകിണറുകളിലെ വെള്ളത്തിൽ ചില രാസമൂലകങ്ങൾ ഉയർന്ന പരിധിയിലാണെന്ന് പാലക്കാട് എൻ.എസ്.എസ് എൻജിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനിയറിങ് വിദ്യാർത്ഥികളുടെ പഠനറിപ്പോർട്ട്.

2004 ആഗസ്റ്റ് 14. സുപ്രീം കോടതി നിയമിച്ച മോണിറ്ററിങ് കമ്മിറ്റിയുടെ പ്ലാച്ചിമട കോളകമ്പനിയെക്കുറിച്ചുള്ള റിപ്പോർട്ട് പുറത്ത് വരുന്നു.

2004 സെപ്തംബർ 14. കേരളസംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്ലാച്ചിമടയിൽ സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റി നിർദ്ദേശപ്രകാരം പ്രാദേശിക പരിസ്ഥിതി സുരക്ഷാ കമ്മിറ്റി രൂപീകരിക്കുന്നു.(PCB/HO/HWM/SCMC/498/04) വിളയോടി വേണുഗോപാൽ, പി.എ.പൗരൻ എന്നിവർ അംഗങ്ങളായി നിർദ്ദേശിക്കപ്പെടുന്നു.

Terms of reference :

1) Create a register of persons affected by the disposal of wastes to whom water supply has to be given.

2) Ensure that the company installs a piped water supply to the residences of affected persons timely.

3) Report of the Committee including addresses and names of the affected residents shall be submitted to this office before 10th October 2004.

4) To conduct an environmental audit of the company.

5) To ensure that the company had removed the sludge send outside their premises and taken back and the land brought back to its original condition.

2004 ഒക്ടോബർ 8. ശീതളപാനിയക്കുപ്പികളിൽ ഉൽപ്പന്നത്തിന്റെ ചേരുവകൾ വ്യക്തമായി രേഖപ്പെടുത്തണമെന്ന വിധിക്കെതിരെ കൊക്കകോളയും, പെപ്സിയും നൽകിയ റിവ്യൂഹർജ്ജി രാജസ്ഥാൻ ഹൈക്കോടതി തള്ളി. ശീതളപാനിയങ്ങളിലെ ചേരുവകൾ എന്തൊക്കെയാണെന്നും, കീടനാശിനി അംശം അടങ്ങിയിട്ടുണ്ടെങ്കിൽ ആ വിവരവും കുപ്പിക്ക് പുറത്ത് രേഖപ്പെടുത്തണമെന്ന് രാജസ്ഥാൻ ഹൈക്കോടതി ഉത്തരവിട്ടു.

2004 ഒക്ടോബർ 12. ചുക്കിനരഞ്ജുണസ്വാമി പ്ലാച്ചിമട സന്ദർശിക്കുന്നു

2004 നവംബർ 2. കൊക്കകോള-പെപ്സി കമ്പനികൾ പ്രവർത്തിക്കുന്നിടത്തെല്ലാം ജലം മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ഉഗാണ്ടയിൽ നിന്നുള്ള വൈലറ്റ് സെഗിരിഞ്ഞ പറഞ്ഞു. സ്റ്റുഡൻസ് കാത്തലിക് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ പ്രവർത്തകരോടൊപ്പം പ്ലാച്ചിമടയിലെത്തിയതായിരുന്നു അവർ.

2004 നവംബർ 3. ശീതളപാനിയമുൽപ്പാദിപ്പിക്കുന്ന പെപ്സിയും, കൊക്കകോളയുമടക്കമുള്ള എല്ലാ ഉൽപ്പാദകരും അവരുടെ ഉൽപ്പന്നങ്ങളിലടങ്ങിയിരിക്കുന്ന മിശ്രിതങ്ങളും, മറ്റുഘടകങ്ങളും, കീടനാശിനികളും, രാസവസ്തുക്കളും, കുപ്പി, പായ്ക്കറ്റ്, പെട്ടി എന്നിവയുടെ പുറത്ത് രേഖപ്പെടുത്തണമെന്ന രാജസ്ഥാൻ ഹൈക്കോടതിയുടെ ചരിത്രപ്രധാനമായ വിധി വന്നു.




2004 നവംബർ 6. പ്ലാച്ചിമടയിലെ കോളാഫാക്ടറിക്ക് സംരക്ഷണം ഏർപ്പെടുത്തിയ വകയിൽ കൊക്കകോളകമ്പനി 37 ലക്ഷം രൂപ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് കമ്പനിക്ക് കാവൽ നിന്നിരുന്ന 10 പോലീസുകാരെ പിൻവലിച്ചു.

2004 നവംബർ 10. പ്ലാച്ചിമട കർഷകസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ കോളാഫാക്ടറിയിൽ നിന്നും രണ്ടു കി.മീറ്റർ അകലെയുള്ള നടരാജന്റെ കിണറുകളിലെ വെള്ളം എറണാകുളം സ്വകാര്യലാബിൽ രാസപരിശോധനക്ക് വിധയമാക്കി. വെള്ളത്തിൽ അപകടകരമാംവിധം രാസമാലിന്യങ്ങളുണ്ടെന്നായിരുന്നു പരിശോധനാഫലം.

കോളകളുയർത്തുന്ന ദുരന്തങ്ങളെക്കുറിച്ച് തിരുവനന്തപുരം ഫൈൻആർട്ട്സ് കോളേജ് വിദ്യാർത്ഥികൾ പ്ലാച്ചിമടയിൽ നടത്തിയ ചിത്ര-ശിൽപ്പ രചനാ ക്യാമ്പുകളിൽ നിന്ന് രൂപപ്പെടുത്തിയ പെയിന്റിംഗ്, ഗ്രാഫിക്സ്, പോസ്റ്റർ, ശിൽപ്പങ്ങൾ പാലക്കാട് കോട്ടമൈതാനത്തെ രക്തസാക്ഷി മണ്ഡപത്തിൽ പ്രദർശിപ്പിച്ചു.

2004 നവംബർ 14. പെരുമാട്ടിപഞ്ചായത്തിലെ 8, 9 വാർഡുകളിൽപ്പെട്ട 341 കുടുംബങ്ങൾക്ക് കോളാകമ്പനി പൈപ്പു വഴി യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ചെയർമാൻ പോൾതച്ചിൽ പ്ലാച്ചിമട കോളാകമ്പനിക്ക് രേഖാമൂലം ഉത്തരവ് നൽകി.

2004 നവംബർ 20. കോളാഫാക്ടറിക്കെതിരായ സമരത്തിന് പിന്തുണക്കാൻ കേരളകൗൺസിൽ ഓഫ് ചർച്ചസിന്റെ 100-ഓളം പ്രവർത്തകർ പ്ലാച്ചിമടയിലെത്തി. ജലചൂഷണത്തിനിരയായ ആദിവാസികളുടെ കോളനികൾ സന്ദർശിക്കുകയും, കോളാകമ്പനിക്ക് മുന്നിലെത്തി കോളാവിരുദ്ധ മുദ്രവാക്യങ്ങൾ മുഴക്കുകയും, കോളാപാനിയങ്ങൾ ഉപേക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

2004 നവംബർ 21. പ്ലാച്ചിമട സമരമവസാനിപ്പിക്കാൻ അണിയറനീക്കം. സമരമവസാനിപ്പിക്കാനുള്ള നീക്കത്തെ ശക്തമായി നേരിടുമെന്ന് ആദിവാസി സംരക്ഷണസംഘത്തിന്റെ പ്രസ്താവന.

കർണാടകയിലും മറ്റ് അയൽ സംസ്ഥാനങ്ങളിലും ബീൻസ് ചെടികളെ ആക്രമിക്കുന്ന കീടങ്ങൾക്കെതിരെ ഉപയോഗിക്കുന്ന കീടനാശിനികൾക്ക് പകരം അതിനേക്കാളും ശക്തിയേറിയതെന്ന് അനുഭവത്തിൽ നിന്നും മനസിലാക്കിയ കർഷകർ കൊക്കകോള, പെപ്സി എന്നിവ വ്യാപകമായുപയോഗിക്കുന്നതായി വാർത്ത.

<u>2004 നവംബർ 29.</u> കോളാഫാക്ടറിക്കെതിരായ ജനകീയസമരത്തെ പിന്തുണക്കാൻ ബ്രിട്ടനിലെ പോർട്സ് മൗത്ത് യൂണിവേഴ്സിറ്റിയിലെ പ്രിൻസിപ്പൽ ലക്ചററും, ഗ്രന്ഥകാരിയുമായ ഡോ.പമേലഷെർമർ സ്മിത്ത് പ്ലാച്ചിമട സമരപ്പന്തലിലെത്തി സമരക്കാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. വയലൻസ് & നോൺവയലൻസ് ഇൻ ഇന്ത്യൻ പൊളിറ്റിക്സ് എന്ന പുസ്തകരചനക്കുള്ള വിവരശേഖരണത്തിന്റെ ഭാഗമായാണ് ഡോ.പമേലഷെർമർ സ്മിത്ത് പ്ലാച്ചിമടയിലെത്തിയത്.

2004 നവംബർ

<u>2004 ഡിസംബർ 6.</u> ശീതളപാനിയമുൽപ്പാദിപ്പിക്കുന്ന കമ്പനികൾ കുപ്പിക്ക് പുറത്ത് കീടനാശിനികളുടെ അളവ് രേഖപ്പെടുത്തണമെന്ന രാജസ്ഥാൻ ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീം കോടതി ശരിവെച്ചു. പെപ്സിയും, കൊക്കകോളയും രാജസ്ഥാൻ ഹൈക്കോടതിയുടെ വിധിക്കെതിരെയുള്ള അപ്പീൽ സുപ്രീം കോടതി തള്ളി.

<u>2004 ഡിസംബർ 11.</u> ജലചൂഷണത്തിനെതിരെ കർണാടകം കേന്ദ്രീകരിച്ച് ശക്തമാക്കാൻ പോകുന്ന പ്രക്ഷോഭങ്ങൾക്ക് മുന്നോടിയായി വിവിധ മനുഷ്യാവകാശ സംഘടനകളുടെ നേതൃത്വത്തിൽ കോളാക്കമ്പനിക്കെതിരെ ബാംഗ്ലൂരിലെ എം.ജി. റോഡിലെ ഗാന്ധി പ്രതിമക്കു സമീപം നടന്ന മനുഷ്യച്ചങ്ങലയിൽ കോളവിരുദ്ധ സമരസമിതിയിൽ നിന്നും 3-ാളം പ്രതിനിധികൾ പങ്കെടുത്തു. ബാംഗ്ലൂരിലെ മനുഷ്യാവകാശ സംഘടനകളായ കളക്ടീവ്, സിക്രം എന്നിവയുടെ നേതൃത്വത്തിൽ സെന്റ് മാർക്കസ് കത്തീഡ്രൽ കാമ്പസിൽ വെച്ച് നടന്ന പൊതുയോഗത്തിൽ

<u>2004 ഡിസംബർ 17.</u> കോളാകമ്പനി പ്ലാച്ചിമടയിലെ 341 കുടുംബങ്ങൾക്ക് പൈപ്പു വഴി കുടിവെള്ളം വിതരണം ചെയ്യാൻ തയ്യാറാകുന്നതു വരെ കോളാഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കാനനുവദിക്കരുതെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന് നൽകിയ നിർദേശം സുപ്രീം കോടതി വിദഗ്ദസമിതി പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് കൊക്കകോള കത്തയച്ചു.

*കടപ്പാട് : ഹരിതഭൂമി* (ആവർത്തനം ഒഴിവാക്കുന്നതിനുവേണ്ടിയും മറ്റുമായി കുറെ ഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. പൂർണ്ണരൂപത്തിൽ റിപ്പോർട്ട് ആവശ്യമുള്ളവർ ബന്ധപ്പെടുക. ആറുമുഖൻ പത്തിച്ചിറ, ഹരിത ഡവലപ്മെന്റ് അസോസിയേഷൻ, മുതലമട പി.ഒ. പാലക്കാട് ജില്ല - 678507)

ഫോട്ടോ : അജിലാൽ (വർത്തമാനം)



പ്ലാച്ചിമടയിലെ കിണറുകളിലൊന്ന്

# കേരളീയം വായനക്കാരോടുള്ള തുറന്ന കത്ത്

പ്രിയസുഹൃത്തെ,

ആറുവർഷം (89 ലക്കങ്ങൾ) പൂർത്തിയാക്കിയ കേരളീയം അതിന്റെ ഉറവിടമായി തുടർന്നും തേടുന്നത് വായനക്കാരെയാണ്, സുഹൃത്തുക്കളെയാണ്. നമ്മുടെ വായനയിൽ, ജീവിതത്തിൽ കേരളീയത്തിന് എന്തെങ്കിലും പ്രസക്തിയും സ്വാധീനവും ഉപകാരവുമുണ്ടോ? ഉണ്ടെങ്കിൽ കൂടുതൽ മെച്ചപ്പെട്ട കേരളീയം എങ്ങനെ സാധ്യമാക്കാം? അഭിപ്രായങ്ങളും (അഭിപ്രായ വ്യത്യാസങ്ങളും) പിന്തുണയും തീർച്ചയായും എത്തിക്കണം. വ്യത്യസ്തവും ജനകീയവുമായ ഒരു പ്രസിദ്ധീകരണത്തിന് സ്വാഭാവികമായും ഇന്നത്തെ കേരളീയ പരിസരത്തിൽ വിഭവങ്ങളുടെ പരിമിതി ഒരു പ്രതിസന്ധിയാണ്. ഇന്നത്തെ മാധ്യമസംസ്കാരം, പുതിയ ലോകസാഹചര്യത്തിലും പ്രസിദ്ധീകരണ നടത്തിപ്പിന് ആഴത്തിലുള്ള വെല്ലുവിളി ഉയർത്തുന്നുണ്ട്. താരതമ്യേന കുറഞ്ഞ ആൾ-സാമ്പത്തിക പിൻബലമുള്ള കേരളീയം പോലുള്ള കൂട്ടായ്മയ്ക്ക് ആശ്രയിക്കാനുള്ളത് ഉത്തരവാദിത്വമുള്ള വായനക്കാരിലാണ്. മുഖ്യമായും വരിസംഖ്യയെ ആശ്രയിച്ച് സാമ്പത്തിക നിലനിൽപ്പ് നേടുന്ന കേരളീയം നിങ്ങൾക്കുമുമ്പിൽ കൈനീട്ടുന്നു. നമുക്ക് സ്വയം (പരസ്പരം) സഹായിക്കാം. മെച്ചപ്പെട്ട കേരളീയത്തിന് ജീവിതത്തെ സ്ഥായിയായി മെച്ചപ്പെടുത്താനുള്ള സംഗതികളും (മാറ്റർ) അത് പുറത്തിറക്കാനുള്ള പിന്തുണയും (കൂട്ടായ്മയും സമ്പത്തും) അത്യാവശ്യം. അതിനായി ഇപ്പോഴുള്ള എല്ലാ വായനക്കാരും <u>സ്വന്തം വരിസംഖ്യ പുതുക്കുന്നതിനോടൊപ്പം കഴിയുമെങ്കിൽ രണ്ടു വരിസംഖ്യ ചേർത്ത് തരണം. പറ്റുമെങ്കിൽ ചെറിയ സംഭാവനകൾ, ആവുന്ന പരസ്യം, അനുയോജ്യമായ മാറ്ററുകൾ, ........ ശേഖരിച്ച് എത്തിക്കണം.</u> കേരളീയത്തിന്റെ ഏഴാം പിറന്നാൾ മാസമായ 2005 ജനുവരി മുതൽ മാർച്ച് വരെ വരിസംഖ്യാ പ്രചരണമാസം തുടങ്ങുന്നു. പുതുതായി 5000 വരിക്കാരെയെങ്കിലും കണ്ടെത്തണമെന്നാണ് ആശിക്കുന്നത്. വിവിധ പ്രദേശങ്ങളിൽ വായനക്കാരുടെ യോഗങ്ങൾ, കൂട്ടായ്മകൾ എന്നിവയിലൂടെ ഈ ക്യാമ്പയിൻ വിജയിപ്പിക്കാനപേക്ഷ.

**കേരളീയം വരിസംഖ്യാനിരക്ക്**

| | വ്യക്തികൾക്ക് | സ്ഥാപനങ്ങൾക്ക് |
|---|---|---|
| ഒരുവർഷം (12 ലക്കം) | 180 രൂപ | 360 രൂപ |
| രണ്ടുവർഷം (24 ലക്കം) | 350 രൂപ | 700 രൂപ |
| അഞ്ചുവർഷം | 700 രൂപ | 1400 രൂപ |

<u>തുക അയയ്ക്കുന്നത്</u> മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ ഡ്രാഫ്റ്റായോ ചെക്കായോ (കളക്ഷൻ ചാർജ്ജ് കൂടി കൂട്ടിചേർത്ത്) തപാൽ സ്റ്റാമ്പുകളായോ ആവാം.

<u>തുക അയയ്ക്കാൻ ബുദ്ധിമുട്ടുള്ളവർ/മടിയുള്ളവർ</u> എന്നാൽ താൽപര്യമുള്ളവർ: • കേരളീയം മാസിക വി.പി.പി. ആയി അയയ്ക്കാം. തുക പോസ്റ്റ്മാൻ വശം കൊടുത്താൽ മതി. അല്ലെങ്കിൽ • ഫോണിലൂടെ അറിയിച്ചാൽ (പൂർണ്ണവിലാസവും ഫോൺ നമ്പറും അടക്കം) വീട്ടിലോ ഓഫീസിലോ വന്ന് ശേഖരിക്കാം.

കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ: 0487 2421385
E-mail: keraleeyamtcr@rediffmail.com